ഒരു ആര്യസമാജം പ്രസിദ്ധീകരണം
*Date of Publication 10/09/2018*

*RNI NO. KERMAL /2013/53849*
*REGISTERED NO. OTTAPALAM/5/2017-19*

# വെള്ളപ്പൊക്ക ദുരിതാശ്വാസ നിധി

**നമസ്തേ,**

പേമാരിയും വെള്ളപ്പൊക്കവും മൂലം നമ്മുടെ ആയിരക്കണക്കിന് സഹോദരങ്ങൾ ഇപ്പോഴും അടിസ്ഥാന സൗകര്യങ്ങൾ ഒന്നുമില്ലാതെ മരണത്തെ മുഖാമുഖം കണ്ട് ക്ലേശിച്ചുകൊണ്ടിരിക്കുകയാണ്. ഉറ്റവരും ഉടയവരും നഷ്ടപ്പെട്ട് തല ചായ്ക്കാനൊരിടം പോലുമില്ലാതെ ആയിരങ്ങൾ കഷ്ടപ്പെട്ടുകൊണ്ടിരിക്കുന്നു. ദുരിതമനുഭവിക്കുന്ന സഹോദരങ്ങളെ സഹായിക്കാനായി ആര്യസമാജവും മറ്റു സന്നദ്ധ സംഘടനകൾക്കൊപ്പം തോളോട് തോൾ ചേർന്ന് പ്രവർത്തിച്ചുവരുന്നു. വെള്ളിനേഴി ആര്യസമാജം വിവിധ സ്ഥലങ്ങളിൽ നടത്തുന്ന വേദപഠന ക്ലാസ്സുകളിലെ അംഗങ്ങളും ദയാനന്ദസന്ദേശം മാസികയുടെ സേവന സന്നദ്ധരായ വായനക്കാരും ഈ പ്രവർത്തനങ്ങളിൽ സജീവമായി പങ്കെടുത്തിരുന്നു. ഇപ്പോഴും പ്രവർത്തിച്ചുകൊണ്ടിരിക്കുന്നു. ദുരിതമനുഭവിക്കുന്നവരുടെ ആവശ്യങ്ങൾ കണ്ടറിഞ്ഞ് ആര്യസമാജം അവരെ പുനരധിവസിപ്പിക്കാനായി ഒരു പ്രോജക്ട് തയ്യാറാക്കിവരുന്നു. ഈ പ്രോജക്ടിൽ ഭാഗഭാക്കാവാൻ ആഗ്രഹിക്കുന്നവർ തങ്ങളാൽ കഴിയുന്ന സഹായങ്ങളും നിർദ്ദേശങ്ങളും aryasamajvellinezhi@gmail.com എന്ന വിലാസത്തിൽ അയച്ചുതന്നാൽ നന്നായിരുന്നു. ഈ പ്രൊജക്ടിന് സംഭാവന നൽകാൻ സന്മനസ്സുള്ളവർ അത് താഴെകൊടുക്കുന്ന ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിക്കാവുന്നതാണ്. ദാനം നൽകുന്നവർ തങ്ങളുടെ പൂർണ്ണവിലാസം മേൽകൊടുത്ത ഈമെയിൽ വഴി അയച്ചുതരണമെന്നഭ്യർത്ഥിക്കുന്നു. രസീത് അയച്ചുതരുന്നതിനാണിത്.

A/c. Name : Arya Samajam vellinezhi
Punjab National Bank,
Cherpalachery Branch
SB A/c No.4264000100071490
IFSC Code:PUNB 0426400

A/c. Name: Veda Gurukulam
Punjab National Bank,
Cherpalachery Branch
SB A/c No.4264000100086562
IFSC Code:PUNB 0426400

**Registered under Section 12AA of Income Tax Act 1961**
**PAN No : AADTA8611N**

എന്ന്,
കാര്യദർശി,
ആര്യസമാജം, വെള്ളിനേഴി

*Printed and published by KM Rajan on behalf of Arya Samajam, Pandit Lekh Ram Smruthi Bhavan Vellinezhi (P.O) Palakkad-679 504. Printed at Ambal Quick Print Shop Near Head Post Office Palakkad - 01 and Published from Arya Samajam, Pandit Lekh Ram Smrithi Bhavan, Vellinezhi (P.O) Palakkad 679 504. Owner and Editor Responsible for selecting articles : K M Rajan*
*Email: dayanandasandesam@gmail.com* *Phone: 09562529095*



ओ३म्

# ദയാനന്ദ സന്ദേശം

*ആര്യസമാജത്തിന്റെ മുഖപത്രം*
**വൈദിക – ദാർശനിക മാസിക**
**DAYANANDA SANDESAM**




ഓം കൃണ്വന്തോ വിശ്വമാര്യം (ഋഗ്വേദം 9.63.5)
വിശ്വത്തെ ശ്രേഷ്ഠമയമാക്കുക!

പുസ്തകം : 7 ലക്കം 3

സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 ശ്രാവണം – ഭാദ്രപദം
1194 ചിങ്ങം – കന്നി 2018 സെപ്തംബർ

വാർഷിക വരിസംഖ്യ: ₹100/- ദീർഘകാലം: ₹1500/-



# ശ്രീകൃഷ്ണൻ

**ഭാരത ചരിത്രത്തിൽ ഈ മാസം ഓർക്കേണ്ട പ്രധാന ദിനങ്ങൾ**

സെപ്തംബർ 2 : ശ്രീകൃഷ്ണജയന്തി
സെപ്തംബർ 21 : ശ്രീനാരായണ ഗുരു സമാധി

*"മാനവരെല്ലാം ആര്യന്മാർ!*
*വേദജ്ഞാനം ഈശ്വരദത്തം!*
*സേവനമല്ലോ നമ്മുടെ ധർമ്മം!"*

(മുൻലക്കത്തിന്റെ തുടർച്ച)

# വേദാദ്ധ്യയനം

**മണ്ഡലം 1 സൂക്തം 8**

**മധുഛന്ദാ ഋഷിഃ ഇന്ദ്രോദേവതാ ഗായത്രീഛന്ദഃ ഷഡ്ജഃ സ്വരഃ**



**സമോഹേ വാ യ ആശ്ത നരസ്തോകസ്യ സനിതൗ|**
**വിപ്രാസോ വാ ധിയായവഃ (ഋഗ്വേദം 1.8.6)**

**പദാർത്ഥം:** (വിപ്രാസഃ) അത്യന്തം ബുദ്ധിമാനായ (നരഃ) മനുഷ്യൻ (സമോഹേ) യുദ്ധത്തിൽ ശത്രുക്കളെ ജയിക്കാൻ (ആശത) തത്പരനാണ് (വ) അഥവാ (ധിയായവഃ) വിജ്ഞാനം നൽകാൻ ആഗ്രഹിക്കുന്നവൻ (ലോകസ്യ) സന്താനങ്ങൾക്ക് (സനിതൗ) വിദ്യയുടെ ശിക്ഷണം നൽകാൻ (ആശാത) താത്പര്യമുള്ളവനാണ്.

**ഭാവാർത്ഥം:** ഈശ്വരൻ സർവ്വ മനുഷ്യർക്കും ആജ്ഞ നൽകുന്നു. ഈ ലോകത്തിൽ മനുഷ്യർക്ക് രണ്ടു പ്രകാരത്തിലുള്ള പ്രവൃത്തികൾ ചെയ്യേണ്ടതുണ്ട്. ഇവരിൽ വിദ്വാന്മാർ ആരാണോ അവർ തന്റെ ശരീരത്തിന്റേയും സൈന്യത്തിന്റേയും ബലം വർദ്ധിപ്പിക്കുകയും ശത്രുക്കളുടെ ശക്തിയെ എല്ലായ്പ്പോഴും പിന്നിലാക്കുകയും ചെയ്യുന്നു. മനുഷ്യർക്ക് എപ്പോഴെല്ലാം ശത്രുക്കളുമായി യുദ്ധം ചെയ്യാനാഗ്രഹമുണ്ടാവുന്നുവോ അപ്പോഴെല്ലാം കരുതലോടെ ആദ്യം ശത്രുവിന്റെ സേനാദികളേക്കാൾ ഇരട്ടിശക്തി തന്റെ സൈന്യത്തിന് ഉണ്ടെന്ന് ഉറപ്പുവരുത്തി ശത്രുക്കളെ പരാജയപ്പെടുത്തി പ്രജകളുടെ രക്ഷചെയ്യണം. അതേപോലെ വിദ്യകളെ വർദ്ധിപ്പിക്കാനാഗ്രഹിക്കുന്നവർ പഠിക്കാൻ ഉത്തമരായ തങ്ങളുടെ പുത്രന്മാർക്കും പുത്രിമാർക്കും യഥായോഗ്യം നല്ലവിദ്യാഭ്യാസം നൽകാൻ യത്നിക്കണം. ഇതിലൂടെ ശത്രുക്കളുടേമേൽ വിജയവും അജ്ഞാനത്തിന്റെ നാശവും ചെയ്ത് ചക്രവർത്തി രാജ്യവും വിദ്യയുടെ അഭിവൃദ്ധിയും എല്ലായ്പ്പോഴും ഉണ്ടാക്കിയെടുക്കണം.

**(മഹർഷി ദയാനന്ദസരസ്വതിയുടെ ഋഗ്വേദഭാഷ്യത്തിൽ നിന്ന്.**
**തർജ്ജമഃ കെ.എം.രാജൻ)**

# ദയാനന്ദസന്ദേശം വരിസംഖ്യ പുതുക്കുക

ദയാനന്ദസന്ദേശത്തിന്റെ വരിസംഖ്യാ കാലാവധി സമാപിച്ചവർ എത്രയും വേഗം അത് പുതുക്കി ഈ വേദപ്രചാരണ യജ്ഞത്തിൽ തുടർന്നും സഹകരിക്കാൻ അഭ്യർത്ഥിക്കുന്നു. വാർഷികവരിസംഖ്യ 100 രൂപ. ദീർഘകാലം 1500/- രൂപ. വരിസംഖ്യ അയക്കേണ്ട **വിലാസം: വ്യവസ്ഥാപകൻ, ദയാനന്ദ സന്ദേശം, ആര്യസമാജം, വെള്ളിനേഴി പി.ഒ., പാലക്കാട് – 679 504**

***ഈശാ വാസ്യമിദം സർവ്വം യത്കിംഞ്ച ജഗത്യാം ജഗത് (യജുർവ്വേദം 40.1)***
***ഈ ജഗത് മുഴുവനും ഈശ്വരമയമാണ്***





## ആര്യസമാജ പ്രസിദ്ധീകരണങ്ങൾ

1. സത്യാർത്ഥപ്രകാശം (മലയാളം പരിഭാഷ)
   – മഹർഷി ദയാനന്ദസരസ്വതി. സമ്പാദകൻ: കെ.എം. രാജൻ – ₹ 250.00.
2. സന്ധ്യോപാസനയും അഗ്നിഹോത്രവും
   – മഹർഷി ദയാനന്ദസരസ്വതി. സമാഹരണം: കെ.എം. രാജൻ – ₹ 60.00
3. വൈദിക ധർമ്മ ആര്യസമാജപ്രശ്നോത്തരി
   പണ്ഡിറ്റ് ധർമ്മദേവ് വിദ്യാവാചസ്പതി.
   തർജ്ജമ : കെ.എം.രാജൻ – ₹ 40.00
4. ആര്യസമാജം എന്ത്? എന്തിന്? – ലത രാജൻ – ₹ 10.00
5. സത്യാർത്ഥ പ്രകാശം നൽകുന്ന സന്ദേശം – കെ.എം.രാജൻ – ₹ 10.00
6. വൈദിക നിത്യകർമ്മവിധി – കെ.എം.രാജൻ – ₹ 20.00
   (പോസ്റ്റേജ് ചിലവ് പുറമെ)

## അച്ചടിയിലുള്ളവ

| | | |
|---|---|---|
| 1. വേദാന്തിധ്വാന്ത നിവാരണം | – | മഹർഷിദയാനന്ദ സരസ്വതി<br>തർജ്ജമ : കെ.എം.രാജൻ |
| 2. ഉപദേശി മഞ്ജരി അഥവാ പൂനാ പ്രവചനം | – | മഹർഷി ദയാനന്ദ സരസ്വതി<br>തർജ്ജമ. കെ.എം.രാജൻ |
| 3. ആര്യോദ്ദേശ്യ രത്നമാല | – | മഹർഷി ദയാനന്ദ സരസ്വതി<br>തർജ്ജമ. കെ.എം.രാജൻ |
| 4. സംശയനിവാരിണി | – | ശ്രീ.മദൻ രഹേജ<br>തർജ്ജമ : സുരി |
| 5. ദ്രൗപദിയും പഞ്ചപതികളും | – | അമർസ്വാമി സരസ്വതി<br>തർജ്ജമ : കെ.എം.രാജൻ |
| 6. യോഗദർശനം<br>(മഹർഷി വ്യാസഭാഷ്യസഹിതം) | – | സ്വാമി സത്യപതി പരിവ്രാജക്<br>തർജ്ജമ. കെ.എം.രാജൻ |
| 7. വേദങ്ങളെ അറിയുക | – | ഡോ.വിവേക് ആര്യ<br>തർജ്ജമ: കെ.എം.രാജൻ |
| 8. വേദ പ്രകാശം പാഠാവലി | – | കെ.എം.രാജൻ |
| 9. മഹർഷി ദയാനന്ദ സരസ്വതി (ജീവചരിത്രം) | – | കെ.എം.രാജൻ |
| 10. അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം | – | കെ.എം.രാജൻ |
| 11. ശത്രുവോ? മിത്രമോ? | – | കെ.എം.രാജൻ |
| 12. പുരാണങ്ങൾ സത്യവും മിഥ്യയും | – | കെ.എം.രാജൻ |
| 13. ശിവസങ്കല്പം | – | കെ.എം.രാജൻ |
| 14. ആര്യസമാജത്തിന്റെ നിയമങ്ങളും ലക്ഷ്യവും | – | കെ.എം.രാജൻ |

***ഛിദ്രം വൃണ (യജുർവ്വേദം 12.54)***
***തങ്ങളുടെ കുറവുകളെ ഇല്ലായ്മ ചെയ്താലും***

(മുൻ ലക്കത്തിന്റെ തുടർച്ച)

ആര്യവീർദളം – ബാലപംക്തി

ആര്യവീരഗാഥ – 2

# അമരബലിദാനി പണ്ഡിറ്റ്‌ലേഖ്റാം

കെ.എം.രാജൻ



**എ**ന്നിരുന്നാലും ഭാരതിയുടെ പ്രഭാവത്തെ ഇത് ബാധിച്ചിരുന്നില്ല. അപ്പോൾ പണ്ഡിറ്റ് ലേഖ്റാം ഭാരതിയെ ശാസ്ത്രാർത്ഥത്തിനു വെല്ലുവിളിച്ചു. ശാസ്ത്രാർത്ഥത്തിൽനിന്ന് ഭാരതി രക്ഷപ്പെട്ട് ഒഴിഞ്ഞുമാറിയെങ്കിലും നവീനവേദാന്തമതഖണ്ഡനം, വേദോക്തമായ നിയോഗത്തിന്റെ മണ്ഡനം എന്നീ വിഷയങ്ങളെ അധികരിച്ച് ലേഖ്റാം സെപ്തംബർ 2ന് രാത്രിയിൽ ഓജസ്വിയായ ഒരു പ്രഭാഷണം നടത്തി. ഈ പ്രഭാഷണം കേൾക്കാൻ സ്വാമി ബ്രഹ്മാനന്ദ ഭാരതി, മഹാത്മാ ഹൻസ് രാജ് എന്നിവർക്ക് പുറമെ ധർമ്മശാലയിലുണ്ടായിരുന്ന മിക്ക സജ്ജനങ്ങളുമുണ്ടായിരുന്നു. എതിരാളിയുടെ പ്രഭാഷണത്തെ ശ്രദ്ധയോടെ കേൾക്കുക എന്നതായിരുന്നു ലേഖ്റാമിന്റെ പ്രധാന ഗുണങ്ങളിലൊന്ന്. ബ്രഹ്മാനന്ദ ഭാരതിയുടെ അടിപതറി. പണ്ഡിറ്റ് ലേഖ്റാമിനെ പേഷ്വാറിലെ ഗുണ്ട എന്നൊക്കെ പറഞ്ഞ് അപമാനിച്ചിരുന്നവർ അദ്ദേഹത്തിന്റെ ഈ പ്രസംഗം കേട്ടതോടെ അദ്ദേഹത്തോടുള്ള വിരോധം മാറ്റിവെച്ച് പ്രായശ്ചിത്തം ചെയ്തു.

ധർമ്മശാലയിൽനിന്നും മടങ്ങിയ ലേഖ്റാം പത്താൻകോട് ആര്യസമാജമന്ദിരത്തിൽ ക്രിസ്തുമത ഖണ്ഡനം എന്ന വിഷയത്തിൽ ഒരു പ്രഭാഷണം നടത്തി.

പഞ്ചാബ് ആര്യപ്രതിനിധിസഭ പണ്ഡിറ്റ് ലേഖ്റാമിന് ഇരുപഞ്ചുരൂപയാണ് മാസത്തിൽ ദക്ഷിണയായി നൽകിയിരുന്നത്. അദ്ദേഹത്തിന്റെ വിവാഹശേഷമത് മുപ്പത് രൂപയാക്കി ഉയർത്തി. പിന്നീട് സ്വാമിശ്രദ്ധാനന്ദൻ മുപ്പത്തഞ്ച് രൂപ നൽകി തുടങ്ങി. സ്വന്തം പ്രവർത്തനങ്ങൾക്കുവേണ്ട ചെലവുകളാണ് അദ്ദേഹം സഭയിൽനിന്നും സ്വീകരിച്ചിരുന്നത്. തന്റെ ആനുകൂല്യങ്ങൾക്കായി ഒരിക്കലും അദ്ദേഹം ആവശ്യമുന്നയിച്ചിരുന്നില്ല. ആര്യസമാജ പ്രവർത്തനം ലോകമെങ്ങും വ്യാപിപ്പിക്കുക എന്നതായിരുന്നു അദ്ദേഹത്തിന്റെ ഒരേയൊരു ലക്ഷ്യം.

എവിടെയെങ്കിലും ഹിന്ദുക്കൾ മുസ്ലീം – ക്രിസ്ത്യൻ മതങ്ങളിലേക്ക് മാറാൻ തയ്യാറെടുക്കുന്നുവെന്നറിഞ്ഞാൽ അദ്ദേഹമുടൻ അവിടെ പാഞ്ഞെത്തും. സഭ എതിർത്താലും ലേഖ്റാം അതിനു വഴങ്ങുമായിരുന്നില്ല.

(തുടരും)

*സ്വസ്തി പന്ഥാമനുചരേമ (ഋഗ്വേദം 5.51.15)*

*ഞങ്ങൾ മംഗളകാരിയായ മാർഗ്ഗത്തിൽ ചരിക്കട്ടെ !*






# ദയാനന്ദ സന്ദേശം

ആര്യസമാജത്തിന്റെ മുഖപത്രം

വൈദിക–ദാർശനിക മാസിക

പുസ്തകം : 7 ലക്കം 3

സൃഷ്ടി സംവത്സരം 1972949120 കലിവർഷം 5120 ശ്രാവണം – ഭാദ്രപദം

1194 ചിങ്ങം – കന്നി 2018 സെപ്തംബർ



**രക്ഷാധികാരി**

സ്വാമി ആശുതോഷ്ജി പരിവ്രാജക്

**പത്രാധിപർ**

കെ.എം. രാജൻ

**ഉപദേശക സമിതി**

ആചാര്യ വാമദേവ് ആര്യ

ടി. ആർ. ബാലചന്ദ്രൻ നായർ

വാനപ്രസ്ഥി ശ്രീധര മുനി

വി. ഗോവിന്ദ ദാസ്

**വ്യവസ്ഥാപകൻ: പി. ശിവശങ്കരൻ**


**താളുകൾ മറിക്കുമ്പോൾ**


| | | |
|---|---|---|
| വേദാധ്യയനം | : | |
| മുഖവാണി | : | 3 |
| ഋഗ്വേദാദി ഭാഷ്യ ഭൂമിക | : | 5 |
| ഉപദേശമഞ്ജരി | : | 6 |
| പുരാണങ്ങൾ:സത്യവും മിഥ്യയും | : | 7 |
| ദ്രൗപദിയും പഞ്ചപതികളും | : | 8 |
| ജീവിതം ഒരലയാഴി | : | 9 |
| യോഗദർശനം | : | 10 |
| സംശയനിവാരിണി | : | 11 |
| വ്യവഹാര ഭാനുഃ | : | 12 |
| വേദങ്ങളെ അറിയുക | : | 13 |
| അമരബലിദാനി പണ്ഡിറ്റ് ലേഖ്റാം | : | 14 |



**വിലാസം**

**ദയാനന്ദ സന്ദേശം, ആര്യസമാജം,**

**പണ്ഡിറ്റ് ലേഖ്റാം സ്മൃതിഭവൻ,**

**വെള്ളിനേഴി തപാൽ, പാലക്കാട് – 679 504**

**Ph:7907077891, 9446017440**

**Email:dayanandasandesam@gmail. com**

**Visit us : www.aryasmajkerala.org.in**


## മുഖവാണി

## ആരാണ് ഈശ്വരൻ?

(തുടർച്ച)



ഇന്ന് ലോകത്തുള്ള ബഹുഭൂരിപക്ഷം ജനങ്ങളും തങ്ങൾ ഈശ്വരവിശ്വാസികളാണെന്നവകാശപ്പെടുന്നവരാണ്. ഈശ്വരനെകുറിച്ച് വളരെ വൈവിധ്യമുള്ള കഥകളും വിശ്വാസങ്ങളും മതഗ്രന്ഥങ്ങളും ഇന്ന് പ്രചാരത്തിലുണ്ട്. ഓരോ വിഭാഗവും തങ്ങളുടെ സങ്കൽപ്പത്തിലുള്ള ഈശ്വരരൂപവും മതഗ്രന്ഥങ്ങളും സത്യമാണെന്ന് കരുതുകയും മറ്റുള്ളവയെല്ലാം തെറ്റെന്ന് പ്രഖ്യാപിക്കുകയും ചെയ്യുന്നു. ഇത് വിവിധ വിഭാഗങ്ങൾ തമ്മിലുള്ള സംഘർഷങ്ങൾക്കും മത്സരങ്ങൾക്കും കാരണമാവുന്നു. മതങ്ങളുടെ പേരിൽ ലോകത്ത് അനേകം യുദ്ധങ്ങൾ ഉണ്ടായിട്ടുണ്ട്. ഒരേ മതഗ്രന്ഥത്തെ പ്രമാണമായികരുതുന്നവർ തമ്മിലും വൻ യുദ്ധങ്ങൾ നടന്നിട്ടുണ്ട്, ഇപ്പോഴും നടന്നുകൊണ്ടിരിക്കുന്നു. കുരിശുയുദ്ധങ്ങൾ ചരിത്രത്തിന്റെ ഭാഗമാണ്. ഇറാൻ, ഇറാഖ്, സിറിയ, അഫ്ഗാനിസ്ഥാൻ തുട

*അഗ്നിനാഗ്നിഃ സമിധ്യതെ (സാമം 944)*

*ഭക്തരുടെ ആത്മസമർപ്പണത്താൽ ബ്രഹ്മജ്യോതി പ്രകടമാവുന്നു*

ങ്ങിയ രാജ്യങ്ങളിൽ മേൽക്കോയ്മക്കുവേണ്ടി പടപൊരുതുന്നത് ഒരേ മതഗ്രന്ഥത്തെ അടിസ്ഥാനമാക്കിയവരാണ്. ഭാരതവും ഇതിൽനിന്ന് പൂർണ്ണമായും വ്യത്യസ്ഥമെന്നുപറയാനാവില്ല. സെമിറ്റിക്ക് മതക്കാർക്കിടയിൽ നടക്കുന്നതു പോലുള്ള രക്തചൊരിച്ചിലുകൾ ഉണ്ടായിട്ടില്ല എങ്കിലും ബുദ്ധന്മാർ, ജൈനികൾ, ശൈവർ, വൈഷ്ണവർ, ശാക്തേയർ എന്നിവർ തമ്മിൽ ശക്തമായ വടംവലികൾ ഇവിടേയും നടന്നിട്ടുണ്ട്.

ഇതെല്ലാം കണ്ടിട്ടാണ് പലരും നാസ്തികരും മതവിരുദ്ധമായിത്തീരുന്നത്. ലോകത്തിൽ കാണുന്ന അശാന്തിക്ക് കാരണം ദൈവവും മതഗ്രന്ഥങ്ങളുമാണെന്നാണിവരുടെ പക്ഷം. അതിനാൽ ഈശ്വരൻ, ജീവാത്മാവ് എന്നീ സത്തകളെ നിരാകരിച്ച് കേവലം ദൃശ്യഗോചരമായ പ്രകൃതിയാണ് ഈ സമസ്തജഗത്തിന്റെയും നിർമ്മാണകാരണമെന്നവർ കരുതുന്നു. ഈ വിചാരധാരയും ലോകത്തിൽ ധാർമ്മികബോധം നഷ്ടപ്പെടാനും തദ്വാരാ ജനങ്ങൾ ഭോഗാലസതയിൽ നിമഗ്നരാവാനും വഴി തെളിക്കുന്നുണ്ട്. ഇതും ലോകസമാധാനത്തിന് ഭീഷണിയുയർത്തുന്നുണ്ട്.

ഈ പരിതസ്ഥിതിയിലാണ് ആരാണ് ഈശ്വരൻ എന്ന സത്യാന്വേഷണത്തിന് പ്രസക്തി. എല്ലാവർക്കും അംഗീകരിക്കാൻ കഴിയുന്ന പ്രമാണങ്ങളുടേയും തെളിവുകളുടേയും അടിസ്ഥാനത്തിൽ ഒരു സത്യാന്വേഷണം നടത്തുകയാണിവിടെ. സത്യത്തെ ഗ്രഹിക്കാനും അസത്യത്തെ ത്യജിക്കാനും പക്ഷപാതമില്ലാതെ ചിന്തിക്കാനും കഴിഞ്ഞാൽ മാത്രമേ ഈ അന്വേഷണം സാർത്ഥകമാവുകയുള്ളു.

ഇന്ന് ഈശ്വരൻ എന്ന സത്തയുണ്ടോ? ഉണ്ടെങ്കിൽ തന്നെ അത് എന്താണ്? എന്ന വിഷയത്തിൽ ആശയക്കുഴപ്പം നിലനിൽക്കാനും നാസ്തികതയിലേക്ക് യുവതലമുറ ഒഴുകിപ്പോവുന്നതിനും കാരണം മേൽ വിവരിച്ച ഗ്രന്ഥങ്ങളിലെ പരസ്പരവിരുദ്ധവും കാൽപ്പനികവുമായ കഥകളാണ്. ഓരോരുത്തരും തങ്ങളുടെ സങ്കൽപ്പത്തിനനുസരിച്ച് ഈശ്വരന് രൂപഭാവങ്ങൾ നൽകുകയും അതിനനുയോജ്യമായ ഉപാസനാപദ്ധതികൾ ഉണ്ടാക്കികൊണ്ടിരിക്കുകയും ചെയ്തുവരുന്നു. ഈശ്വരന്റെ യഥാർത്ഥസ്വരൂപം അങ്ങനെ വികലമാക്കപ്പെടുന്നു. വേറൊരു വിഭാഗമാവട്ടെ (അവരിൽ ഏറിയകൂറും ഹിന്ദുധർമ്മത്തിൽ വിശ്വസിക്കുന്നവരാണ്) ഈ വൈവിദ്ധ്യത്തെ പുകഴ്ത്തി ഇത് നാനാത്വത്തിൽ ഏകത്വമെന്നും സർവ്വമതങ്ങളുമേകം എന്നും പ്രചരിപ്പിക്കുന്നു. ഈശ്വരന്റെ ശരിയായ സ്വരൂപത്തെ മനസ്സിലാക്കാതെ പോവാൻ മേൽപ്പറഞ്ഞതെല്ലാം കാരണമാണ്.

(തുടരും)

പത്രാധിപർ

**തിരുത്ത്**

***ദയാനന്ദസന്ദേശം 2018 ആസസ്റ്റ് ലക്കത്തിലെ വേദാദ്ധ്യയനം പക്തിയിലെ മന്ത്രസംഖ്യ കൊടുത്തിരുന്നത് ഋഗ്വേദം 1.8.7 എന്നത് ഋഗ്വേദം 1.8.5 എന്ന് വായിക്കാനപേക്ഷിക്കുന്നു. തെറ്റുപറ്റിയതിൽ ഖേദിക്കുന്നു.***

പത്രാധിപർ





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വേദങ്ങളെ അറിയുക

ഡോ. വിവേക് ആര്യ
തർജ്ജമ: കെ. എം. രാജൻ

## അദ്ധ്യായം 2 — വേദവും ശൂദ്രനും

**അ**ല്ലയോ മനുഷ്യരേ! നിങ്ങളുടെ വെള്ളം കുടിക്കുന്ന സ്ഥാനവും ഭക്ഷണം കഴിക്കുന്ന സ്ഥലവും ഒന്നായിരിക്കട്ടെ (അഥർവ്വവേദം 6.30.6)

മഹാരാജാ ദശരഥന്റെ യജ്ഞത്തിൽ ശൂദ്രന്മാർ പാകം ചെയ്ത ഭക്ഷണം ബ്രാഹ്മണരും തപസ്വികളും ഒന്നുചേർന്ന കഴിച്ചിരുന്നു (വാല്മീകി രാമായണം)

ശ്രീരാമൻ ശബര്യാശ്രമത്തിൽ ചെന്ന് താഴ്ന്ന വംശജയെന്നു പറയുന്ന അവരുടെ കാൽതൊട്ട് വന്ദിച്ചു. അവരുടെ ആതിഥ്യം സ്വീകരിച്ചു. നിഷാദരാജാവിനെ കണ്ടപ്പോൾ അദ്ദേഹത്തെ ആലിംഗനം ചെയ്തു (വാല്മീകി രാമായണം).

രാമായണകാലത്ത് വിവിധവിഭാഗക്കാരായ ഭീൽ, നിഷാദർ, ശൂദ്രർ എന്നിവർക്ക് പതിത്വം കൽപ്പിച്ചിരുന്നില്ലാ എന്ന് മേൽപറഞ്ഞ പ്രമാണങ്ങളിൽ നിന്ന് തെളിയുന്നു.

മഹാഭാരതം അനുശാസനപർവ്വം 1.19 ൽ പറയുന്നു. രാജാ ധൃതരാഷ്ട്രരുടെ രാജ്യത്ത് മുമ്പത്തെപ്പോലെ അരാളികൾ, സൂപകാർ എന്നീ ശൂദ്രരെ ഭക്ഷണമുണ്ടാക്കാനായി ഉപയോഗിച്ചിരുന്നുവെന്ന്.

മേൽപറഞ്ഞ പ്രമാണങ്ങളിൽ നിന്നും വൈദികകാലത്ത് ശൂദ്രർ അയിത്തക്കാരിയിരുന്നില്ല എന്ന് തെളിയുന്നു. കാലക്രമേണ അജ്ഞരായ ചിലർ അയിത്താചരണത്തിന്റെ തെറ്റായ പരമ്പര ആരംഭിച്ച് ജാതിവാദം പോലുള്ള വികൃതമാനസികാവസ്ഥകൾക്ക് പ്രോത്സാഹനം നൽകി.

**ചോദ്യം 9 : ബ്രാഹ്മണന്റെ മകൻ ഗുണകർമ്മസ്വഭാവങ്ങൾ ഇല്ലാത്തവനാണെങ്കിൽ അയാളെ ശൂദ്രനെന്നു വിളിക്കുമോ? അതേപോലെ ശൂദ്രൻ ഗുണകർമ്മസ്വഭാവത്താൽ ഗുണവാനായാൽ അയാളെ ബ്രാഹ്മണനെന്നു വിളിക്കുമോ?**

**ഉത്തരം** : വൈദികവർണ്ണവ്യവസ്ഥ പ്രകാരം ബ്രാഹ്മണന്റെ പുത്രൻ പഠിക്കാൻ കൊള്ളാത്തവനാണെങ്കിൽ അയാളെ ശൂദ്രനെന്നു പറയും. അതേപോലെ ശൂദ്രന്റെ മകൻ വിദ്യാഭ്യാസം നേടിയാൽ ബ്രാഹ്മണൻ, ക്ഷത്രിയൻ,വൈശ്യൻ തുടങ്ങിയ വർണ്ണങ്ങളിലേതെങ്കിലും ആയിത്തീരും. ഈ സമ്പൂർണ്ണ വ്യവസ്ഥയും ഗുണത്തെ ആശ്രയിച്ചാണിരിക്കുന്നത്.

(തുടരും)

***ധർമ്മം ചര (തൈ. ഉ. 1.11.1)***
***ധർമ്മാചരണം ചെയ്യൂ !***



*(മുൻ ലക്കത്തിന്റെ തുടർച്ച)*

# വ്യവഹാര ഭാനുഃ

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**ഇ**തെല്ലാം കേട്ടാൽ നല്ല സന്താനങ്ങൾ പറയേണ്ടത് ഇപ്രകാരമാണ്. ഉടൻ വിവാഹം നടത്തിത്തരാം, മറ്റുള്ളവരുടെ സാധനങ്ങൾ തട്ടിക്കൊണ്ടുപോരണം എന്തെല്ലാം പറഞ്ഞത് ദുഷ്ടന്മാർക്ക് മാത്രം യോജിച്ച പ്രവൃത്തികളാണ്. ശ്രേഷ്ഠന്മാരുടേതല്ല. നല്ലവർ ബ്രഹ്മചര്യം പാലിച്ച്, പൂർണ്ണവിദ്യാഭ്യാസം ചെയ്ത് സ്വയംവരം അതായത് യുവാവസ്ഥയിൽ രണ്ടുപേരുടേയും ഇഷ്ടപ്രകാരം വിവാഹം ചെയ്യണം. ആരുടേയും കോടിക്കണക്കിനു വിലവരുന്ന വസ്തുവകകൾ കാട്ടിൽ കിടക്കുന്നതുകണ്ടാൽപോലും അതെടുക്കാൻ മനസ്സു തോന്നാതിരിക്കുക.ഉത്തമകർമ്മങ്ങളേക്കുറിച്ചുള്ള ഉപദേശങ്ങൾ മാത്രമേ ഞങ്ങൾ ഗ്രഹിക്കുകയുള്ളു. മറ്റൊന്നും ഉൾക്കൊള്ളുകയില്ല. എന്നാൽ നിങ്ങൾ എങ്ങനെയുള്ളവരായാലും ഞങ്ങളെ ബാല്യകാലത്തിൽ പരിപാലിച്ചതു പോലെ വാർദ്ധക്യാവസ്ഥയിൽ നിങ്ങളെ നന്നായി ശുശ്രൂഷിക്കും. ചീത്തസന്താനങ്ങൾ ശ്രേഷ്ഠരായ മാതാപിതാക്കളോടും ആചാര്യന്മാരോടും അതിഥികളോടും ഇങ്ങനെ പറയും ഞങ്ങൾക്ക് നല്ല ഭക്ഷണവും പാനീയങ്ങളും തരണം, കളിക്കാൻ വിടണം, ഞങ്ങൾക്കുവേണ്ടി സമ്പാദിക്കണം, നിങ്ങൾ മരിച്ചുകഴിഞ്ഞാൽ പിന്നെ ഞങ്ങൾക്ക് എല്ലാകാര്യങ്ങളും സ്വയം ചെയ്യേണ്ടിവരും. പെട്ടെന്ന് വിവാഹം കഴിപ്പിച്ചാലും. അല്ലെങ്കിൽ ഞങ്ങൾ അവിടേയും ഇവിടേയും ആടാനും പാടാനും തുടങ്ങും. പൂന്തോട്ടങ്ങളിൽ പോയി നൃത്തവും മറ്റു നേരമ്പോക്കുകളും അവതരിപ്പിക്കുകയോ അതല്ലെങ്കിൽ വൈരാഗി (സന്യാസി)യായി പോവുകയോ ചെയ്യും. പഠിക്കാൻ വലിയ ബുദ്ധിമുട്ടാണ്. ഞങ്ങൾ പഠിച്ചിട്ടെന്തുചെയ്യാനാണ്? ഞങ്ങൾക്ക് വേണ്ടുന്നതെല്ലാം തരാൻ നിങ്ങളുണ്ടല്ലോ. ഞങ്ങൾക്ക് ഉണ്ണാനും കുടിക്കാനും ഉടുക്കാനും കളിക്കാനുമൊക്കെ നല്ല വണ്ണം തരണം. ഇല്ലെങ്കിൽ ഞങ്ങൾ വലുതായാൽ നിങ്ങൾക്കത് മനസ്സിലാവും. വടിക്ക് വടി, നഖത്തിനു നഖം, മുടിക്ക് മുടി, മുഷ്ടിക്ക് മുഷ്ടി, യുദ്ധമല്ലാതെ മറ്റൊരു രക്ഷയുമില്ല. ഇങ്ങനെയെല്ലാം പറയുന്നത് ദുഷ്ടസന്താനങ്ങളാണ്.

ഉത്തമരായ മാതാവും മറ്റും ഇങ്ങനെയാണ് പറയുക. കേട്ടാലും മോനേ ഇപ്പോൾ നിങ്ങൾക്ക് പഠിക്കുക, നല്ലകാര്യങ്ങൾ ചെയ്യുക, സത്സംഗങ്ങളിൽ പങ്കെടുക്കുക, നല്ലകാര്യങ്ങൾ പറയാൻ പഠിക്കുക, ബ്രഹ്മചര്യം പാലിച്ച് ആചാര്യന്മാർ തുടങ്ങിയവരെ സേവിച്ച് പണ്ഡിതനായിതീർന്ന് ശരീരവും ആത്മാവും ബലപ്പെടുത്തുക എന്നിവയാണ് വേണ്ടത്.

(തുടരും)

***തേന ത്യക്തേന ഭുഞ്ജീഥാഃ (യജുർവ്വേദം 40.1)***
***ത്യാഗഭാവത്തോടെ സാംസാരിക സുഖങ്ങൾ അനുഭവിച്ചാലും !***







*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഋഗ്വേദാദി ഭാഷ്യ ഭൂമിക

മഹർഷി ദയാനന്ദസരസ്വതി
തർജ്ജമ: കെ.എം.രാജൻ

**അദ്ധ്യായം – 3** **വേദനാംനിത്യത്വ വിചാരഃ**

ആ ഈശ്വരൻ അവിദ്യാദിക്ലേശങ്ങളാലോ പാപങ്ങളാലോ അവയുടെ വാസനയാലോ ഗ്രസ്തനോ യുക്തനോ അല്ല. ആരിലാണോ അനന്തവിജ്ഞാനം എല്ലായ്പ്പോഴും ഏകരസത്തോടെ ഇരിക്കുന്നത് അദ്ദേഹത്താൽ രചിക്കപ്പെട്ട വേദങ്ങളുടെ നിത്യത്വവും സത്യാർത്ഥ പരായണതയും നിശ്ചയമാണ് എന്ന് എല്ലാമനുഷ്യരുമറിയണം.

ഏവമേവ സ്വകീയ സാംഖ്യശാസ്ത്രേപഞ്ചമാദ്ധ്യായേ കപിലാചാര്യോഽപ്യത്രാഹ–

നിജശക്ത്യദിവ്യഭിവ്യക്തേഃ സ്വതഃ പ്രാമാണ്യമ്॥ (സൂത്രം 51*)॥

(*അദ്ധ്യായനിർദ്ദേശസ്യ സൂത്രോത്ഥാനി കായാമുക്തത്വാദിഹ പുനരദ്ധ്യായ സംഖ്യാ ന നിർദ്ദിഷ്ടാ|ഏവം ചേഹ അ 5, സൂ 51, സംഖ്യാജ്ഞേയാ)

**അസ്യായമർത്ഥഃ** – വേദാനാം നിജശക്ത്യഭിവ്യക്തേഃ പുരുഷ സഹചാരി പ്രധാന സാമർത്ഥ്യാത് പ്രകടത്വാത് സ്വതഃ പ്രാമാണ്യ നിത്യത്വേഃ സ്വീകാര്യേ ഇതി. |

**ഭാഷാർത്ഥം:** ഇതേപോലെ സാംഖ്യശാസ്ത്രത്തിൽ കപിലാചാര്യനും പറയുന്നു. (നിജ) പരമേശ്വരന്റെ സ്വാഭാവികമായ വിദ്യാശക്തിയാൽ പ്രകടമാവുന്ന വേദങ്ങളുടെ നിത്യത്വം സ്വതഃപ്രാമാണ്യവും എല്ലാമനുഷ്യർക്കും സ്വീകാര്യവുമാവണം.

അസ്മിൻവിഷയേ സ്വകീയ വേദാന്തശാസ്ത്രേ കൃഷ്ണദ്വൈപായനോ വ്യാസമുനിരപ്യാഹ–

**ശാസ്ത്രയോനിത്വാത് (1.1.3)**

അസ്യായമർത്ഥ: ഋഗ്വേദാദേഃ ശാസ്ത്രസ്യാനേകവിദ്യാസ്ഥാനോപബൃംഹിതസ്യ പ്രദീപവത് സർവ്വാത്ഥാവദ്യോതിനഃ സർവ്വജ്ഞകൽപസ്യ യോനിഃ കാരണം ബ്രഹ്മ|ന ഹീദൃശസ്യ ശാസ്ത്രസ്യാർഗ്വേദാദി ലക്ഷണസ്യ സർവ്വജ്ഞ ഗുണാൻവിതസ്യ സർവ്വജ്ഞാദന്യതഃ സംഭവോഽസ്തി| യദ്യദ്വിസ്തരാർത്ഥം ശാസ്ത്രം യസ്മാൽ പുരുഷവിശേഷാത് സംഭവതി, യഥാ വ്യാകരണാദി പാണിന്യദേ ജ്ഞേർയൈ കദേശാർത്ഥമപി സ തതോഽപ്യധികതരവിജ്ഞാന ഇതി (പ്ര) ധിദ്ധംലോകേ കിമു വക്തവ്യമിതി

ഇദം വചനം ശങ്കരാചാര്യേണാസ്യസൂത്രസ്യോപരി സ്വകീയവ്യാഖ്യാനേ ഗദിതമ് | അതഃകിമാഗതമ്?

**(തുടരും)**

***ഭദ്രാ രാതിഃ (സാമം 111)***
***പരമേശ്വരനാൽ നൽകപ്പെട്ട ദാനം ഞങ്ങൾക്ക് മംഗളകാരിയായി ഭവിക്കട്ടെ***

*(മുൻ ലക്കത്തിന്റെ തുടർച്ച)*

# ഉപദേശ മഞ്ജരി അഥവാ പൂനാപ്രവചനം




ഇംഗ്ലീഷുകാർക്ക് ഇപ്പോഴും വ്യൂഹരചനയുടെ പൂർണ്ണവിജ്ഞാനമില്ല. എന്താണ് വ്യൂഹരചനയെന്നും അവർക്കറിയില്ല. കുറച്ചൊക്കെ സൈനികവിന്യാസങ്ങൾ അവർക്കറിയാമെന്നുകണ്ട് അവർ പ്രാചീനാര്യൻമാരേക്കളും കഴിവുള്ളവരാണെന്ന് നിങ്ങളിൽ പലർക്കും തോന്നുന്നുണ്ടാവും. നിരസ്തപാദപേ ദേശേ എരണ്ഡോ $f$ പി ദ്രുമായതെ (മരുഭൂമിയിൽ കുറ്റിച്ചെടികൾപോലും വൻവൃക്ഷങ്ങളായി കണക്കാക്കപ്പെടും) എന്ന ചൊല്ല് സത്യമാണിവിടെ.

ഇതിൽനിന്നും ബ്രിട്ടീഷുകാർ നമ്മേക്കാൾ താഴ്ന്നവരാണെന്ന് ഞാനർത്ഥമാക്കുന്നില്ല. അവരിലും ഒരു പാട് നല്ല ഗുണങ്ങളുണ്ട്. അത്തരം നല്ലഗുണങ്ങളെ നാം സ്വീകരിക്കണം. പ്രാചീന കാലഘട്ടത്തിൽ യുദ്ധത്തിൽ കൊല്ലപ്പെടുന്നവരുടെ മക്കൾക്ക് സാമ്പത്തിക സഹായങ്ങൾ നൽകുമായിരുന്നു. യുദ്ധത്തിൽ പിടിച്ചെടുക്കപ്പെടുന്ന സ്വത്തുക്കൾ യഥാസമയം എല്ലാവർക്കും യഥായോഗ്യം വിതരണം ചെയ്യുകയും ചെയ്തിരുന്നു. സൈനികർക്ക് അതിരറ്റ ബഹുമാനം നൽകപ്പെട്ടിരുന്നു. എല്ലാ ഐശ്വര്യങ്ങളുടേയും മൂലകാരണം സൈനികരാണെന്നറിയാമായിരുന്നതിനാൽ അവരുടെ ക്ഷേമത്തിന് വളരെ പ്രാധാന്യം നൽകിയിരുന്നു. മുതിർന്ന അധികാരികൾ സൈനികരുടെ കാര്യങ്ങളിൽ വളരെ ശ്രദ്ധ നൽകിയിരുന്നു. സൈനികൾക്ക് എന്തെങ്കിലും അസുഖം വന്നാൽ അവർക്ക് നല്ല ചികിത്സയും പരിചരണവും നൽകുമായിരുന്നു.

**കാർഷാപണം ഭവേ ദ്ദണ്ഡയോ യത്രാന്യഃ പ്രാകൃതോ ജനഃ |**

**തത്രരാജാ ഭവേ ദണ്ഡ്യഃ സഹസ്രമിതി ധാരണാ || (മനുസ്മൃതി 8.366)**

ശ്രേഷ്ഠ വ്യക്തികൾക്കും രാജാക്കന്മാർക്കും സാധാരണക്കാരെ അപേക്ഷിച്ച് കഠിനമായ ശിക്ഷകളാണ് നൽകിയിരുന്നത്. രാജാക്കന്മാർ മുനിമാരുമായി ധർമ്മസംവാദം നടത്തുവാൻ സമയം കണ്ടെത്തുമായിരുന്നു. പിപ്പലാദമുനിയുടെ (പ്രശ്നോപനിഷത്ത്) കഥ നോക്കുക. ഇക്ഷ്വാകുവിന്റെ കാലത്തെ രാജവ്യവസ്ഥ അങ്ങനെയായിരുന്നു. അദ്ദേഹം സുശീലനും, നീതിമാനും, കഴിവുറ്റ ഭരണാധികാരിയും ജിതേന്ദ്രിയനും പണ്ഡിതനുമായിരുന്നു. നിരവധിതലമുറകൾക്ക് ശേഷം സഗരൻ രാജാവായിത്തീർന്നു. അക്കാലത്ത് രാജാക്കന്മാർ യോഗ്യരായവരല്ലെങ്കിൽ അവരെ മാറ്റുമായിരുന്നു. അത്തരക്കാർക്ക് ഭരണാധികാരം നൽകിയിരുന്നില്ല.

**(തുടരും)**

*മാ സ്രോധത (ഋഗ്വേദം 6.32.9)*
***ഹിംസ ചെയ്യാതിരിക്കൂ***





*(മുൻ ലക്കത്തിന്റെ തുടർച്ച)*

# സംശയ നിവാരിണി
## സംശയങ്ങളിൽ നിന്ന് നിവാരണത്തിലേക്ക്

**മദൻ രഹേജ**
തർജ്ജമ: സുരി



ഈശ്വരൻ അനന്തനാണ്. അങ്ങനെ തന്നെ ആയിരിക്കുകയും ചെയ്യും. അണുവായ ജീവാത്മാവ് അണുവായി തന്നെയിരിക്കും. അതിനാൽ അനന്തമായ പരമാത്മാവിനെക്കുറിച്ചുള്ള സമ്പൂർണ്ണ ജ്ഞാനം അണുവായ ജീവാത്മാവിന് എങ്ങനെ സാധിയ്ക്കുന്നു? മോക്ഷ പ്രാപ്തിക്ക് എത്രത്തോളം ജ്ഞാനം ആവശ്യമാണോ അതിനുള്ള ക്ഷമത മാത്രമേ ജീവാത്മാവിനുള്ളു. ഒട്ടും അധികമില്ല. ഈശ്വരൻ സ്വഭാവേന അൽപ്പജ്ഞനും അണുവും ഏകദേശീയനുമാണ്. സർവ്വജ്ഞൻ എപ്പോഴും ഒന്നേ ഉണ്ടാവുകയുള്ളു. അനേകമുണ്ടാവില്ല. മോക്ഷപ്രാപ്തിക്കുതകുന്ന ജ്ഞാനം ലഭിക്കുക എന്നതുതന്നെ ജീവാത്മാവിന്റെ ഏറ്റവും വലിയ സൗഭാഗ്യമാണ്.

**ചോദ്യം 76: വേദങ്ങൾ എപ്പോൾ, എങ്ങനെ, ആരാണ് എഴുതിയത്? എല്ലാവേദങ്ങളിലും പൂർണ്ണജ്ഞാനമുണ്ടോ?**

**ഉത്തരം :** വേദജ്ഞാനം ഈശ്വരീയമാണ്. മനുഷ്യന്റെ ഉല്പ്പത്തി സമയത്ത് മനുഷ്യകുലത്തിന്റെ ഉന്നതിക്കായി സ്വയം പരമാത്മാവ് ഏറ്റവും പുണ്യാത്മാക്കളായിരുന്ന 4 ഋഷിമാർക്ക് ഈ ജ്ഞാനത്തെ അവരുടെ ഹൃദയത്തിൽ പ്രകാശിപ്പിക്കുന്നു. ഓരോ കൽപ്പത്തിലും എന്നത്തേയുംപോലെ ഈ ജ്ഞാനം മനുഷ്യർക്ക് സിദ്ധിച്ചുകൊണ്ടിരിക്കുന്നു. ഇപ്രകാരം ധർമ്മാർത്ഥകാമമോക്ഷത്തെ പ്രാപിക്കുവാൻ സക്ഷമനായിത്തീരുകയും ചെയ്യുന്നു. ഈശ്വരൻ സർവ്വജ്ഞനും പൂർണ്ണനുമാണ്. അതിനാൽ അദ്ദേഹത്താൽ നൽകപ്പെടുന്ന വേദജ്ഞാനം എങ്ങനെ അപൂർണ്ണമാവും? എത്രത്തോളം കഴിവ് ജീവാത്മാവിനുണ്ടോ അത്രത്തോളം അറിവ് വേദത്തിൽനിന്ന് ലഭ്യമാണ്. അപ്രകാരം ഇഹലോകത്തെയും പരലോകത്തേയും ശ്രേഷ്ഠമാക്കാനും ഈശ്വരാനന്ദത്തെ പ്രാപ്തമാക്കാനും കഴിയുന്നു. അഗ്നി, അങ്ഗിരസ്, വായു, ആദിത്യൻ എന്നീ നാല് ഋഷിമാരുടെ ഹൃദയത്തിലാണ് ഈശ്വരൻ വേദജ്ഞാനത്തെ പകർന്നു നൽകുന്നത്. അഗ്നി, വായു, അങ്ഗിരസ്, ആദിത്യൻ എന്നീ ഋഷികളിലൂടെ യഥാക്രമം ഋഗ്വേദം, യജുർവേദം, സാമവേദം, അഥർവ്വവേദം എന്നിവ പ്രകാശിപ്പിക്കപ്പെട്ടു. കാലക്രമേണ ഈ ഋഷിമാരുടെ സമ്പർക്കത്തിൽ വരുന്നവരും ഈ അമൂല്യജ്ഞാനത്തെ കേട്ടും ഉച്ചരിച്ചും സ്വായത്തമാക്കുന്നു.

**(തുടരും)**

*ന വിത്തേന തർപ്പണീയോ മനുഷ്യ (കഠം 1.27)*
***മനുഷ്യൻ ഒരിക്കലും ധനത്താൽ തൃപ്തനാവില്ല***

(മുൻ ലക്കത്തിന്റെ തുടർച്ച)



# യോഗദർശനം

## (മഹർഷി വ്യാസഭാഷ്യസഹിതം)

സ്വാമി സത്യപതി പരിവ്രാജക്
തർജ്ജമ : കെ.എം. രാജൻ

**1. ഹാനോപായം:–** 'വിവേകഖ്യാതിരവിപ്ലവാ ഹാനോപായഃ' എന്ന യോഗ ദർശന സൂത്രത്തിൽ (2.26) ഇതിന്റെ സ്വരൂപം വർണ്ണിച്ചിട്ടുണ്ട്. അതായത് സ്ഥിര (ദൃഢമായ) വിവേകഖ്യാതി മോക്ഷത്തിനുള്ള ഉപായമാണ്. ഇതോടൊപ്പം വിദ്യാധർമ്മാചരണം, ശുദ്ധമായ ഉപാസന എന്നിവയും മോക്ഷപ്രാപ്തിക്കുള്ള ഉപായങ്ങളാണ്. ഹാനോപായമെന്നാൽ മോക്ഷപ്രാപ്തിക്കുള്ള ഉപായമെന്നർത്ഥം

### യോഗദർശനത്തിൽ വിവരിക്കുന്ന വേദോക്തമായ മൂന്ന് അനാദിതത്ത്വങ്ങൾ

വേദങ്ങളിൽ മൂന്ന് അനാദിതത്ത്വങ്ങളേക്കുറിച്ച് പറയുന്നുണ്ട്. താഴേകൊടുക്കുന്ന വേദമന്ത്രത്തിൽ അതിന്റെ സാരമുണ്ട്.

**ദ്വാ സുപർണ്ണാ സയുജാ സഖായാ സമാനംവൃക്ഷം പരിഷസ്വജാതേ।**
**തയോരന്യഃ പിപ്പലം സ്വാദ്വത്യനശ്ന നന്യോ അഭിചാക ശീതി ॥**
(ഋഗ്വേദം 1.164.20)

(ദ്വാ) ബ്രഹ്മവും ജീവാത്മാവും (സുപർണ്ണാ) ചേതനതയും പാലനാദിഗുണങ്ങളോടും സദൃശമായ (സയുജാ) വ്യാപ്യവ്യാപകഭാവത്താൽ സംയുക്തമായി (സഖായാ) പരസ്പരമിത്രതായുക്തരായ സനാതനമായ അനാദിവസ്തുക്കളാണ്. (സമാനമ്) അതേപോലെ (വൃക്ഷമ്) അനാദിമൂലരൂപകാരണവും ശാഖാരൂപകാര്യയുക്തവുമായ വൃക്ഷം അതായത് സ്ഥൂലമായിട്ടും പ്രളയത്തിൽ ഭിന്നഭിന്നമായിത്തീരുന്നതുമായ ഇത് മൂന്നാമത്തെ അനാദിപദാർത്ഥമാണ്. ഈ മൂന്നെണ്ണത്തിന്റെയും ഗുണ-കർമ്മ-സ്വഭാവങ്ങളും അനാദിയാണ്. (തയോരന്യഃ) ഈ ജീവാത്മാ-പരമാത്മാക്കളിൽ ജീവാത്മാവ് വൃക്ഷരൂപമാർന്ന ലോകത്തിൽ പാപപുണ്യങ്ങളാകുന്ന ഫലം (സ്വാദ്വത്തി) നന്നായി ഭക്ഷിക്കുന്നു. രണ്ടാമത്തെതായ പരമാത്മാവ് കർമ്മഫലങ്ങളെ (അനശ്നൻ) ഭോഗിക്കാതെ നാലുപുറവും അകത്തും പുറത്തും പ്രകാശമാനനായി വർത്തിക്കുന്നു. ജീവാത്മാവിൽനിന്ന് ഈശ്വരനും ഈശ്വരനിൽനിന്ന് ജീവാത്മാവും ഇവ രണ്ടിൽനിന്നും പ്രകൃതിയും വ്യത്യസ്തമാണ്. അതേപോലെ ഈ മൂന്നും അനാദി പദാർത്ഥങ്ങളുമാണ്.

**(തുടരും)**

*ആരോഹ തമസോ ജ്യോതിഃ (അഥർവ്വം 8.1.8)*
*അന്ധകാരത്തിൽ നിന്നും പ്രകാശത്തിലേക്ക് മുന്നേറിയാലും*





(മുൻ ലക്കത്തിന്റെ തുടർച്ച)



# പുരാണങ്ങൾ; സത്യവും മിഥ്യയും

കെ. എം. രാജൻ

**അദ്ധ്യായം 2** — **പുരാണങ്ങളുടെ സംക്ഷിപ്ത പരിചയം**

**മു**നിശാപമേറ്റ് പരീക്ഷിത്ത് മഹാരാജാവ് ഗംഗാനദിക്കരയിൽ പ്രായോപവേശം ചെയ്യാനിരിക്കുമ്പോൾ ശ്രീ ശുകബ്രഹ്മർഷി അവിടെയെത്തിപരീക്ഷിത്തിന് ഭാഗവതം പറഞ്ഞുകൊടുത്തു. ഒരു സൂതനും ഈ കഥ കേൾക്കുകയുണ്ടായി.

കാലം കുറെകഴിഞ്ഞപ്പോൾ നൈമിശാരണ്യത്തിൽ ശൗനകാദിമഹർഷിമാർ ഒരു യജ്ഞം നടത്തുന്നതിനിടെ യാദൃശ്ചയാ സൂതൻ അവിടെയെത്തി. ശ്രീ ശുക ബ്രഹ്മർഷിയിൽനിന്നും ഭാഗവതകഥ കേൾക്കാൻ സാധിച്ച സൂതനോട് മഹർഷിമാർ അഭ്യർത്ഥിച്ചതിന്റെ ഫലമായി സൂതൻ പറയുന്നതായാണ് ഭാഗവതകഥ എഴുതപ്പെട്ടിരിക്കുന്നത്.

പരീക്ഷത്ത് രാജാവിന് ശ്രീ ശുക ബ്രഹ്മർഷി ഏഴു ദിവസമായാണ് ഭാഗവതം ഉപദേശിച്ചത്. ഏഴാം നാൾ തക്ഷകന്റെ കടിയേറ്റ് പരീക്ഷിത്ത് മരിച്ചെന്നാണ് ഐതിഹ്യം. ഇതിൽനിന്നായിരിക്കും ഭാഗവതപാരായണം 7 ദിവസങ്ങൾ നീണ്ടുനിൽക്കുന്ന സപ്താഹങ്ങളായത്. അദ്ധ്യാത്മികവും ദാർശനികവുമായ പല ചർച്ചകളും സംവാദങ്ങളും ഈ പുരാണത്തിലുണ്ട്.

**നാരദപുരാണം** : വൈഷ്ണവ മാഹാത്മ്യം വിളിച്ചോതുന്നതാണ് നാരദപുരാണം. ഈ പുരാണത്തെ പൂർവ്വഭാഗം, ഉത്തരഭാഗം എന്നിങ്ങനെ രണ്ടായി വിഭജിച്ചിരിക്കുന്നു. പൂർവ്വ ഭാഗത്തിൽ 125 അദ്ധ്യായങ്ങളും ഉത്തരഭാഗത്തിൽ 82 അദ്ധ്യായങ്ങളുമുണ്ട്. 18 പുരാണങ്ങളുടെയും സാരം സംക്ഷേപമായി ഈ പുരാണത്തിൽ വിവരിക്കുന്നുണ്ട്. ജ്ഞാനപരമായ വിവിധ വിഷയങ്ങൾ, അനുഷ്ഠാനങ്ങൾ, വ്യാകരണം, നിരുക്തം, ജ്യോതിഷം, മന്ത്രവിജ്ഞാനം, 12 മാസങ്ങൾ, തിഥികൾ അവയിൽ നടത്തേണ്ടുന്ന വ്രതങ്ങൾ, ഏകാദശീവ്രതമാഹാത്മ്യം, ഗംഗാ മാഹാത്മ്യം തുടങ്ങിയ വിഷയങ്ങൾ ഈ പുരാണത്തിൽ വർണ്ണിക്കുന്നുണ്ട്.

**മാർക്കാണ്ഡേയ പുരാണം** : ശാക്തപ്രധാനമായ പുരാണമാണ് മാർക്കാണ്ഡേയപുരാണം മാർക്കാണ്ഡേയമഹർഷിയുടെ ഉപദേശമായതിനാലാണ് ഇതിന് മാർക്കാണ്ഡേയ പുരാണമെന്ന് ഖ്യാതികിട്ടിയത്. 137 അദ്ധ്യയങ്ങളും 9000 ശ്ലോകങ്ങളുമടങ്ങുന്ന ഈ പുരാണം ചെറുതാണെങ്കിലും വിഷയങ്ങളുടെ വിശിഷ്ടതയാൽ വളരെ മഹത്ത്വമേറിയതാണ്.

**(തുടരും)**

*മാ സ്രോധത (ഋഗ്വേദം 6.32.9)*
*ഹിംസ ചെയ്യാതിരിക്കൂ*



(മുൻലക്കത്തിന്റെ തുടർച്ച)

# ദ്രൗപദിയും പഞ്ചപതികളും

അമർസ്വാമി സരസ്വതി
തർജ്ജമ: കെ.എം.രാജൻ

**അ**നേകം രാജാക്കന്മാരും രാജകുമാരന്മാരും രാജകുമാരന്മാരും ആ ലക്ഷ്യം ഭേദിക്കാനായി പ്രയത്നിച്ചുവെങ്കിലും അവരെല്ലാം പരാജിതരായി. അപ്പോൾ അർജ്ജുനൻ ആ ലക്ഷ്യവേധം നടത്തി.

ദ്രുപദരാജാവ് ദ്രൗപദിയെ അർജ്ജുനന് നൽകി. ഭീമസേനനും അർജ്ജുനനും ദ്രൗപദിയോടൊപ്പം കുശവന്റെ വീട്ടിലെത്തി. കുന്തീ മാതാവ് താമസിച്ചിരുന്നത് അവിടെയാണ്. അവിടെ എത്തിയശേഷം ഇരുവരും ഇങ്ങനെ പറഞ്ഞു.

“അമ്മേ! ഇന്നു ഞങ്ങൾ വളരെ നല്ല ഒരു ദിക്ഷയാണ് കൊണ്ടുവന്നിരിക്കുന്നത്”. അപ്പോൾ കുന്തീദേവി പറഞ്ഞു “നിങ്ങളഞ്ചുപേരും ചേർന്ന് അതിനെ പങ്കിട്ടെടുത്താലും അഥവാ ഭക്ഷിച്ചാലും”. ഇവിടെ ഓർക്കേണ്ടത് വാരണാവതത്തിൽ പാണ്ഡവരെ ഭസ്മമാക്കാനായി ദുര്യോധനൻ അരക്കില്ലമുണ്ടാക്കുകയും അവിടെ പാർക്കാനായി കുന്തിയേയും പഞ്ചപാണ്ഡവരേയും പറഞ്ഞയക്കുകയും ചെയ്തു. ഈ അരക്കില്ലം കത്തിക്കുന്നതിനായി ദുര്യോധനൻ പുരോചനനെ ഏർപ്പാട് ചെയ്യുന്നതിനുമുമ്പുതന്നെ ഭീമസേനൻ ആ ഭവനത്തിന് സ്വയം തീകൊളുത്തി കുന്തീമാതാവുമൊത്ത് പഞ്ചപാണ്ഡവന്മാർ രഹസ്യമാർഗ്ഗത്തിലൂടെ ഒരു തുരങ്കം വഴി രക്ഷപ്പെട്ടുപുറത്തുവന്നു. ഈ യാത്രകളിൽ ഭിക്ഷയാചിച്ചാണിവർ ഭക്ഷിച്ചിരുന്നത്.

ദ്രൗപദീ സ്വയംവര വാർത്തയറിഞ്ഞ പാണ്ഡവർ കുന്തിയോടൊപ്പം ഏകചക്രനഗരിയിൽനിന്നും പാഞ്ചാലദേശത്തെത്തി ഒരു കുംഭകാരന്റെ (കുശവന്റെ) വീട്ടിൽ താമസമാക്കി. അവിടേ നിന്നിവർ സ്വയംവരത്തിനായി പുറപ്പെട്ടു തിരിച്ചുവരുമ്പോൾ അമ്മയോട് ഭിക്ഷയുടെ കാര്യം പറയുകയും കുന്തിയത് ഒന്നും കാണാതെ - ഒന്നും ഓർക്കാതെ ഭക്ഷണ സാധനമാണ് കൊണ്ടുവന്നതെന്നു കരുതി. നിങ്ങളഞ്ചുപേരും ചേർന്നത് ഭക്ഷിച്ചാലും എന്നു പറഞ്ഞു.

കുന്തി വളരെ ദുഃഖിതയായും ഭയന്നും തന്റെ ജ്യേഷ്ഠപുത്രനായ യുധിഷ്ഠിരന്റെ അടുത്തുചെന്ന് പറഞ്ഞു. അല്ലയോ പുത്രാ! ശ്രദ്ധയോടെ കേട്ടാലും

**ഇയന്തുകന്യാ ദ്രുപദസ്യരാജ്ഞഃതവാനുജാഭ്യാം മയിസന്നിഷ്ഠാ।**

**യഥോചിതം പുത്രമയാപിചോക്തം,സമേത്യ ഭുംക്തേതിനൃപപ്രമാദാത്॥**

**മയാകഥം നാനൃതഭുക്തമന്ദ്യ, ഭവേത് കുരുണാമൃഷഭ ബ്രവീഹി।**

**പാഞ്ചാലരാജസ്യ സുതാമർമ്മോ നാ ചോമവർത്തേച്ച ന വിഭ്രമേവച॥**

(മഹാഭാരതം ആദിപർവ്വം 19-ാം അദ്ധ്യായം- ശ്ലോകം 4, 5)

(തുടരും)

*യോ വൈ ഭൂമാ തത്സുഖം (ഛാന്ദോഗ്യം 7.23)*
*ആരാണോ മഹാൻ അയാളാണ് സുഖപ്രദൻ*





(മുൻലക്കത്തിന്റെ തുടർച്ച)

# ജീവിതം ഒരലയാഴി

ആചാര്യ കീഴാനെല്ലൂർ പരമേശ്വരൻ നമ്പൂതിരി

## അദ്ധ്യായം -5



“**ശ**രി. എന്നാൽ പോകാം” പാച്ചൻ അയാളുടെ ക്ഷണം സ്വീകരിച്ചു.

പരദേശി സഞ്ചിയും തോളിൽതൂക്കി മുന്നിലും പാച്ചൻ പിന്നിലുമായി നടന്നു. പാർക്കിലെത്തി ഏകാന്തമായൊരു മൂലയിൽ കിടന്നിരുന്ന സിമന്റ് ബഞ്ചിൽ ചെന്നിരുന്നു.

അഃ, ഇനി പറയൂ, എന്തെല്ലാമാണ് വർത്തമാനങ്ങൾ. എവിടെയാണ് നാട്? നാടുവിട്ടതിന്റെ ഉദ്ദേശ്യം? നാട്ടിലാരെല്ലാമുണ്ട്? അങ്ങുപറഞ്ഞ നാണപ്പ എന്റെ ജ്യേഷ്ഠ സഹോദരനാണ്. രാജാജിയുടെ (സി.രാജഗോപാലാചാരിയുടെ) നേതൃത്വത്തിൽ സ്ഥാപിതമായ ദക്ഷിണഭാരത ഹിന്ദി പ്രചാരസഭയുടെ പ്രചാരകനാണദ്ദേഹം. പത്താം ക്ലാസ്സുപാസ്സായ ഉടൻ നാടുവിട്ടതാണ് ഞാൻ. പിന്നെ ഇതുവരെ നാടുമായി യാതൊരു ബന്ധവുമെനിക്കില്ല. പത്തുപന്ത്രണ്ടുകൊല്ലങ്ങളായി ഞാൻ നാടുവിട്ടിട്ട്. ഇവിടെ വന്നിട്ട് കുറച്ചുനാൾ തെണ്ടിത്തിരിഞ്ഞ് ഭിക്ഷാംദേഹിയായി നടന്നു. ആ സമയത്ത് ഹിന്ദിഭാഷ കൈകാര്യം ചെയ്യാൻ പഠിച്ചു. അതിനിടയിൽ ഖാദി ബോർഡിൽ ഭാഗ്യവശാൽ ഒരു ജോലികിട്ടി. അതായത് ഒരു കണക്കപ്പിള്ളയുടെ പണി. അവിടെ നിന്നാണ് കോൺഗ്രസ്സുമായി ബന്ധപ്പെടാനിടയായത്. ആദ്യമൊക്കെ പാർട്ട്ടൈം പൊതുപ്രവർത്തനമായിരുന്നു. പിന്നെ പതുക്കെപതുക്കെ മുഴുവൻ സമയപ്രവർത്തകനായിമാറി. അങ്ങനെയിരിക്കെ ഞങ്ങൾ ലാലാലജ്പത്റായിയുടെ ബലിദാനസ്മരണാർത്ഥം ഒരു റാലിയും പൊതുസമ്മേളനവും നടത്തി. അതിൽ പതിനായിരങ്ങൾ പങ്കെടുത്തിരുന്നു, സർക്കാർ അത് വിലക്കി 144 പാസ്സാക്കി. നിയമം ലംഘിച്ച് ഞങ്ങൾ റാലി നടത്തി. പോലീസ് ലാത്തിവീശി ഉന്തുംതള്ളുമായി. തിരക്കിൽ ചിലർ സംയമനം വിട്ട് കല്ലെറിഞ്ഞു. കാരണം കിട്ടിയപ്പോൾ പോലിസാദ്യം ലാത്തിചാർജ് നടത്തി. എന്തിനുപറയുന്നു ആ ബഹളം വെടിവെപ്പിലെത്തി. അതിൽ പിടിക്കപ്പെടേണ്ട കണ്ടാലറിയാവുന്നവരിൽ ഒരാളാണ് ഞാൻ. ഇപ്പോൾ പിടികൊടുക്കാതെ ഒളിവിൽ നടക്കുകയാണ്. ആൾമാറാട്ട സൗകര്യത്തിന് പേര് ആർ.കെ.പരദേശിയെന്നാക്കി. എന്റെ ശരിയായ പേര് രാമകൃഷ്ണനെന്നാണ്.

(തുടരും)

*യന്തി പ്രമാദമതന്ദ്രാഃ (സാമം 721)*
*ആലസ്യരഹിതനായ ഉപാസകൻ ബ്രഹ്മാനന്ദത്തെ അനുഭവിക്കുന്നു*